LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിലുള്ള കൺസൾട്ടന്റുമാരുടെ സേവനം

106(1009) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ജോയി:
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ഇപ്പോൾ എത്ര കൺസൾട്ടന്റുമാരുണ്ട് ;

(ബി) ഇവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ വിദേശികൾ ആരെല്ലാമുണ്ട് ;

(ഡി) ഈ കൺസൾട്ടന്റുമാരുടെ സേവന-വേതന വ്യവസ്ഥകളും അവർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണ് ;

(ഇ) ഈ കൺസൾട്ടന്റുമാർ അല്ലാതെ വിദേശികൾ ബോർഡ് സർവ്വീസിലോ ബോർഡിനെ സഹായിക്കുന്നവരുടെ കൂട്ടത്തിലോ ഉണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവരുടെ സേവന-വേതന വ്യവസ്ഥകളും അവർക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങളും എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒൻപത്.

(ബി) വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

(സി) എസ്.എൻ.സി. ലാവ്‌ലിൻ.

(ഡി) വിശദാംശങ്ങൾ അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

(ഇ) എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ടിന്റെ കനേഡിയൻ എക്സിക്യൂട്ടീവ് ഏജൻസിയുടെ പ്രോജക്ട് മാനേജരും CIDA (സിഡാ) മുഖേന ലഭ്യമാകുന്ന പരിശീലകരും ബോർഡിനെ സഹായിക്കുന്നുണ്ട്.

(എഫ്) സേവന-വേതന വ്യവസ്ഥകളും ആനുകൂല്യങ്ങളും ബോർഡിൽ ലഭ്യമല്ല. CIDA അതിന്റെ എക്സ്ക്യൂട്ടീവ് ഏജൻസി മുഖേനയാണ് പദ്ധതി നടത്തിക്കുന്നത്.

സംസ്ഥാനത്തിലെ വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം

107(1010) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

†അനുബന്ധം-XII

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം എത്രയാണ് ;

(ബി) ദേശീയ ശരാശരി പ്രസരണനഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസരണനഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ പരിപാടികൾ ആവിഷ്ക്കരിച്ചു ;

(ഡി) ഇതുമൂലം എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ ;

(ഇ) പുതുതായി എന്തെങ്കിലും നടപടികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസരണ നഷ്ടം പ്രത്യേകമായി കണക്കാക്കാൻ ഇപ്പോൾ സംവിധാനമില്ല. 1998-99-ൽ 17.75% ആയാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) ദേശീയ തലത്തിലുള്ള പ്രസരണ-വിതരണനഷ്ടം 24.53% ആയാണ് കണക്കാക്കിയിട്ടുള്ളത്. (1996-97-ലെ കണക്ക്)

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും, അനുബന്ധലൈനുകളും, അഞ്ച് 220 കെ.വി. സബ് സ്റ്റേഷനുകളും, അനുബന്ധലൈനുകളും, രണ്ട് 66 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ചില ലൈനുകളിലെ ശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി ശേഷിയുള്ള കണ്ടക്ടറുകൾ സ്ഥാപിച്ച് പ്രസരണശേഷി വർദ്ധിപ്പിക്കുക, രണ്ട് 220 കെ.വി. സബ് സ്റ്റേഷനുകളുടേയും, എട്ട് 110 കെ.വി. സബ് സ്റ്റേഷനുകളുടേയും, പന്ത്രണ്ട് 66 കെ.വി. സബ് സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ ജോലികൾ ചെയ്തിട്ടുണ്ട്. ഇത് കൂടാതെ നിലവിലുള്ള ചില ലൈനുകളുടെ വോൾട്ടേജ് നില വർദ്ധിപ്പിച്ച് പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ടായിട്ടുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളിലായി ഉണ്ടായിട്ടുള്ള പ്രസരണ നഷ്ടം താഴെ കൊടുക്കുന്നു.

1995-96	-	20.05%
1996-97	-	19.96%
1997-98	-	17.87%
1998-99	-	17.75%

(ഇ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†അനുബന്ധം-XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII

[29-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107(1010) ദയവായി കാണുക]

(ഇ) പതിനാല് സബ് സ്റ്റേഷനുകളുടെ കൂടി ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പത്ത് സബ് സ്റ്റേഷനുകൾ അപ്പ്ഗ്രേഡ് ചെയ്യുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് പത്തനംതിട്ട 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വിയായും, തിരുമല 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വിയായും പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. ഏഴ് 66 കെ.വി. ലൈനുകൾ 110 കെ.വി. ലൈനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ട് ലൈനുകളുടെ പണി പൂർത്തിയായി ബാക്കിയുള്ളവയുടെ പണി പുരോഗമിക്കുന്നു. 9 സബ് സ്റ്റേഷനുകളിലായി 200 MVAR കപ്പാസിറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. വിതരണനഷ്ടവും കുറക്കുന്നതിനുവേണ്ടിയുള്ള പഠനത്തിനായി എനർജി ഓഡിറ്റ് പദ്ധതിയുടെ ഭാഗമായി തിരുമല സബ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന 1 ലക്ഷത്തോളം ഉപഭോക്താക്കളെ ഉൾപ്പെടുത്തികൊണ്ട് ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിവരുന്നു. REC-യുടെ സഹായത്തോടെ 33 കെ.വി. സബ് ട്രാൻസ്മിഷൻസിസ്റ്റം നടപ്പിലാക്കാനും അതുവഴി വൈദ്യുതിനഷ്ടം കുറയ്ക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. LT ലൈനുകൾ ബാലൻസ് ചെയ്തും, HT യും LTയും ലൈനുകളുടെ അനുവാദം കുറച്ചു കൊണ്ട് വരുന്നതിനും കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചും, കപ്പാസിറ്റി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് ലൈനുകൾ ശക്തിപ്പെടുത്തി, കൂടുതൽ പുതിയ EHT ലൈനുകളും സബ് സ്റ്റേഷനുകളും സ്ഥാപിച്ചും ബോർഡിന്റെ APTS വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയും, മറ്റും വൈദ്യുതി വിതരണപ്രസരണ നഷ്ടം ഇപ്പോഴുള്ള 17.75%-ൽ നിന്നും കുറച്ചുകൊണ്ടു വരാനുള്ള നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly